# എൻെറ ഗ്രാമം.................................ഓർമ്മക്കുറിപ്പ്.

**ആർ. കൈപ്രത്ത്. പയ്യന്നൂർ.**

**അ**റബിക്കടലിൻെറ ഊഷ്മളമായ തലോടലിൻെറ സുഖത്തിൽ നീണ്ടുനിവർന്നു കിടക്കുന്ന എഴിമലയെന്ന ഏഴുമലകളടങ്ങിയ മലയടിവാരത്തെ ഉറ്റുനോക്കി അതിവിശാലമായി പരന്നു കിടക്കുന്ന മനോഹരിയായ കൊച്ചു സുന്ദരി. കുഞ്ഞിമംഗലം ഗ്രാമം. അവൾക്കു കുളിരേകാൻ പുഴകളും കൊച്ചു കൊച്ചു തോടുകളും , കുളങ്ങളും, എങ്ങും പരിമളം പകരാൻ കൈതക്കാടുകളും, വിടർന്ന താമരകളും, പാലപ്പൂക്കളും, കണ്ടൽക്കാടുകളാകുന്ന ഹരിതചേലയിൽ വിവിധയിനം വർണപ്പക്ഷികളാകുന്ന മുത്തുകൾ തുന്നിച്ചേർത്ത് നാഗക്കാവുകളാൽ പൂവു ചൂടി അണിഞ്ഞൊരുങ്ങിയ ഗ്രാമം. ക്ഷേത്രങ്ങളിലെ മന്ത്ര ധ്വനികളും പള്ളിയറകളിലെ തെയ്യക്കോലങ്ങളിലെ ചെണ്ടമേളങ്ങളും ചർച്ചിലെ മണിയൊച്ചയും പള്ളിയിലെ ബാങ്കുവിളിയും ഈനാടിൻെറ ഹൃദയത്തുടിപ്പുകളാകുന്നു. ഇത് എൻെറ ഗ്രാമം. നിങ്ങളുടെയും. മലയാളമണ്ണുവിട്ടു പുറത്തു പോകുന്ന ഏതൊരാൾക്കും ഗൃഹാതുരത്വമുണർത്തുന്ന ഗ്രാമീണത. അതിൻെറ കുളിർമ, ഗ്രാമത്തിൻെറ നിഷ്കളങ്കത്വം എല്ലാം ഓർമകളിൽ ഇന്നലെകളിലെവിടെയൊ നഷ്ടപ്പെട്ട വികാരമാകുന്നു. അമ്മിഞ്ഞപ്പാലിൻെറ മാധുര്യത്തോടൊപ്പം കുഞ്ഞിക്കാലുകളാൽ പിച്ചവെച്ച നനുത്ത മണ്ണിൻെറ മണം എവിടെ നിന്നോ ഓടിയെത്തി. ഓണവും വിഷുവും ഉത്സവങ്ങളും തെയ്യക്കോലങ്ങളും പല പല അനുഭവങ്ങളും അനുഭൂതിയും പകർന്നിരുന്ന കാലം.........!

അതിരാവിലെ മല്ലിയോട്ടമ്പലത്തിൽ നിന്നും വരുന്ന ഭക്തിസാന്ദ്രമായ ഗാനവീചികൾ എന്നും ഈ ഗ്രാമത്തിൻെറ ഉണർത്തുപാട്ടായിരുന്നു. ഭക്തിസാന്ദ്രമായ സംഗീതത്തിൻെറയനുഭൂതി ആ പ്രഭാതത്തെ, ഗ്രാമവാസികളുടെ ഒരുദിവസത്തെ സുഖവും സന്തോഷവും പകരാനുള്ള ഉത്തേജനംകൂടിയായിരുന്നു.

'ഏയ്...........നാരയണിയേ............'

'എന്തോ...'

'വെയിലു മൂത്തെങ്ങെത്തി...... എന്തെ എറങ്ങാത്തെ...?

ഇതുപോലൊരു നീണ്ട വിളിയും ഒരു മറുപടിയും പക്ഷികളുടെ പ്രഭാത ശബ്ദകോലാഹങ്ങളെ അതിജീവിച്ചുയർന്നുകേട്ടിരുന്നു. ഇതൊരറ്റപ്പെട്ട വിളിയായിരുന്നില്ല. ഒരു കൂട്ടായ്മയുടെ വിളി. തലേദിവസം ബാക്കിവരുന്ന ചോറു രാത്രി വെള്ളത്തിലിട്ടുവെച്ചു രാവിലെ അൽപം കണ്ണിമാങ്ങയുടെ ചാറൊഴിച്ച കുളുത്ത്(പഴംകഞ്ഞി) അലുമിനിയം കൊണ്ടുണ്ടാക്കിയ തൂക്കുപാത്രത്തിൽ നിറച്ചു കൈയ്യിലൊരു വളഞ്ഞ കത്തിയും മാറിലൊരറ്റമുണ്ടുമിട്ടു നടന്നുനീങ്ങുന്ന സ്ത്രീകളും, കമ്മാരൻെറ കടയിലെ കാലിളകിയ ബെഞ്ച് ഒന്നുകൂടി കുത്തിയുറപ്പിച്ചു ചൂടുചായ ഊതിയൂതി വലിച്ചെടുക്കുന്നതൊടൊപ്പം അപ്പോഴെത്തിയ പത്രത്തിലെ വാക്കുകളും വാർത്തകളും മനപ്പാഠമാക്കുകയും അതുപോലെ മറ്റുള്ളവരുടെ സുഖവിവരമന്വേഷിക്കുന്ന മധ്യവയസ്കരും ചെറുപ്പക്കാരും, പശുക്കളുള്ള വീടുകളിൽച്ചെന്നു പാലുമായിവരുന്ന കുട്ടികളും. ഇവിടെ ഈ ഗ്രാമത്തിൻെറ പ്രഭാതം തുടങ്ങുകയായി..........'

പച്ചപ്പട്ടുവിരിച്ച വയലേലകളും വയലുകളിൽ പണിയുന്ന സ്ത്രീകളുടെ നാടൻ പാട്ടുകളും, ചെളിനിറഞ്ഞ പാടത്തിലെ കാലിപൂട്ടിൻെറ താളനിബദ്ധമായ ശബ്ദവും,

ശബ്ദമുഖരിതമായ സ്കൂൾ അങ്കണവും, കുട്ടികളുടെ ശബ്ദത്തെ അതിജീവിച്ച് ഉച്ചത്തിൽ ക്ലാസ്സെടുക്കുന്ന അദ്ധ്യാപകരുടെ ശബ്ദവും, മൂശയിൽ ഓടു ഉരുക്കിയൊഴിച്ചുണ്ടാക്കിയ കിണ്ടി, ലക്ഷ്മി വിളക്ക്, കുത്തുവിളക്ക്, ചുറ്റുവിളക്ക്, ചങ്കലാട്ട എന്നിങ്ങനെ പലവിധത്തിലുള്ള വിളക്കുകളും, പല വലിപ്പത്തിലുള്ള ഉരുളികളും, വട്ടളങ്ങളും ദൈവങ്ങളുടെ പഞ്ചലോഹ വിഗ്രഹങ്ങളും എന്നിങ്ങനെ പലതും രാകി മിനുക്കിയെടുക്കുന്ന ശബ്ദവും, കുളക്കടവിലെ ആർപ്പുവിളികളും, ഒന്നിച്ചു പലരും കുളപ്പടവിൽ തുണികൾ തച്ചു നനയ്ക്കുമ്പോൾ ഉണ്ടാകുന്ന താളാത്മകമായ ശബ്ദവും അതിൻെറ മാറ്റൊലിയും പലവിധത്തിലുള്ള പക്ഷികളുടെ ശബ്ദവും മഴ കഴിഞ്ഞാൽ മേൽക്കുരയിൽ നിന്നും മരച്ചില്ലകളിൽ നിന്നും ഇറ്റുവീഴുന്ന മഴത്തുള്ളികളുടെ സംഗീതവും ഇന്നു നഷ്ടമായ പല പല ചെറുജീവികളുടെ ശബ്ദമുഖരിതമായ രാത്രിയും ഒപ്പം പെട്രൊമാക്സുമായി തവള പിടിക്കാൻ വരുന്നവരും നാളത്തെ പാർട്ടി സമ്മേളനം മെഗാഫോണിലൂടെ ഉച്ചത്തിൽ രാത്രിയുടെ മറ്റുശ്ബ്ദങ്ങളെയതിജീവിച്ചു വിളിച്ചു പറയുന്നതും കള്ളുഷാപ്പിൽ നിന്നും വരുന്ന അയലത്തെ ഗോപാലേട്ടൻെറ പാട്ടും.. പല ദിവസങ്ങളിലായി അന്നു ഞാൻ അനുഭവിച്ചറിയുകയായിരുന്നു.

അന്നത്തെ എൻെറ സഞ്ചാരപഥത്തിൽ ഒരിക്കൽ വളരെ അപൂർവമായി ചെല്ലാറുള്ള ഏഴിമല തീവണ്ടിയാപ്പീസിനടുത്തെത്തിയപ്പോൾ വളരെ ഉറക്കെയാരോ വായിക്കുന്നതു കേട്ടു സ്കൂളാണെന്നു തെറ്റിദ്ധരിച്ചു മെല്ലെ ജനലിലൂടെ എത്തിനോക്കിയപ്പോൾ തികച്ചും അൽഭുതമുളവാക്കിയിരുന്നു. ഒരാൾ ഒരു സ്റ്റൂളിലിരിന്നു ഉച്ചത്തിൽ പത്രം വയിക്കുന്നു. മറ്റുകുറെപ്പേർ അതൊക്കെ ശ്രവിച്ചുകൊണ്ടു ബീഡിതെറുക്കുന്നു. അപ്പോഴാണു മനസ്സിലായതു ഗ്രാമീണത തുടിക്കുന്ന നെയ്ത്തു വ്യവസായം കഴിഞ്ഞാൽ കണ്ണൂർ ജില്ലയിലെ മറ്റൊരു പ്രധാന ഗ്രാമീണ വ്യവസായമായ ദിനേശ് ബീഡിക്കമ്പനിയാണെന്നും തൊഴിലാളികളെ പത്രങ്ങളിലെ വാർത്തകളും മറ്റു സാമൂഹിക പ്രസ്ദ്ധികരണങ്ങളായ നാടകങ്ങളും നോവലുകലും വായിച്ചു കേൾപ്പിച്ചു മറ്റെവിടെയും കാണാത്ത ഒരു വലിയ പ്രസ്ഥാനം പോലെ തൊഴിലാളികളുടെ വിരസതയകറ്റുന്നതോടൊപ്പം കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊണ്ടു പുതിയ സമൂഹത്തെ വളർത്തിയെടുക്കാനുള്ള അടിത്തറ പാകുകയായിരുന്നുവെന്നത് അന്നെനിക്കു മനസ്സിലായിരുന്നില്ല. അപ്പോഴെയ്ക്കും കുഞ്ഞിമംഗലത്തിൻെറ തിലകക്കുറിയായ എഴിമല തീവണ്ടിയാപ്പീസിൽ എത്തിച്ചേർന്ന തീവണ്ടിയിലേക്കു ശ്രദ്ധതിരിച്ചു. ബസ്സ് സൗകര്യമില്ലാത്തതിനാൽ എല്ലാവരും അധികവും '......ക്കുകിയും വെള്ളം മോന്തിയും കറുത്ത പുക തുപ്പിയും' പായുന്ന ഈ കൽക്കരി വണ്ടിയെത്തന്നെയായിരുന്നു ആശ്രയിച്ചിരുന്നത്. ആ സമയത്തെ ഒന്നാംതരത്തിലെ കവിതാശകലം അന്നത്തെ തീവണ്ടിയുടെ വിശേഷണമായിരുന്നു. തീവണ്ടി കഴിഞ്ഞാൽ അടുത്ത യാത്രാ സൗകര്യം ഈ ഗ്രാമത്തിലൂടെ എടാട്ടു- ഏഴിലോടു വഴി കടന്നു പോകുന്ന ദേശീയ പാതയിലുടെ മാത്രം ഓടുന്ന ബസ്സുകളെയായിരുന്നു. രണ്ടുമൂന്നു കിലോമീറ്റർ നടന്നു വേണം കുഞ്ഞിമംഗലത്തെ പലർക്കും ഈ ബസ്സിനെയാശ്രയിക്കാനെന്നത് ഇന്നു തൊട്ടടുത്ത കടകളിലേക്കു പോകാൻ ബൈക്കു വേണമെന്നു വാശിപിടിക്കുന്ന പുത്തൻ തലമുറയ്ക്കു അവിശ്വസിനിയമായിരിക്കാം.

വർഷങ്ങൾക്കുശേഷം ആദ്യമായി തൊട്ടടുത്ത പട്ടണമായ പയ്യന്നുരിൽ നിന്നും എഴിലോടു വഴി കുഞ്ഞിമംഗലം തീവണ്ടിയാപ്പീസു വരെ അലൂമിനിയം ബോഡിയും നിറയെ ചില്ലുജനാലുകളുമുള്ള മനോഹരമായ ബസ്സ് ഓടിത്തുടങ്ങിയത് ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നു. വികസനത്തിനുവെണ്ടിയുള്ള നാടിൻെറ സ്പന്ദനം

അന്നനുഭവിച്ചറിയുകയായിരുന്നു. ഓലകൊണ്ടുമെടഞ്ഞ 'കീരിക്കൊട്ട'യിൽ തെരുവത്തെ മീഞ്ചന്തയിൽനിന്നും വെറും 10 പൈസയ്ക്കു രണ്ടു കിലോയിലധികം മീനുമായി വയൽ വരമ്പിലൂടെ നടന്നു നീങ്ങുമ്പോൾ, കാലിപൂട്ടുന്നതും, വിത്തു വിതയ്ക്കുന്നതും, ഞാറുപറിക്കുന്നതും, നാടൻ പാട്ടിന്റെ താളത്തിനൊത്തൂപാടി കളപറിക്കുന്നതും, നെൽചെടിയിൽ കതിരു വരുന്നതും, വിളയാറാകുന്ന കതിർ പറിച്ചുള്ള പുത്തരിയുത്സവവും നെല്ലുവിളഞ്ഞു സ്വർണപ്പാടമാകുന്നതും അരിഞ്ഞു കറ്റകെട്ടിക്കോണ്ടുപോകുന്നതും മഴക്കാലത്തു വയൽ വരംമ്പിൽ വെള്ളം കയറി പൊട്ടിയൊലിച്ചു തോടുകളാകുന്നതും ചവിട്ടി വെള്ളം തെറിപ്പിച്ചു ചെറുമീനുകളെപ്പിടിച്ചതും വേനൽക്കാലത്തു പഞ്ചസാരപോലെ തോന്നിക്കുന്ന മണൽ തൂകി നടന്നതും ഓണക്കാല സന്ധ്യകളിൽ ഓണത്തുംമ്പികളെയോടിച്ചു പിടിച്ചതും പിലാവില കൊണ്ടുണ്ടാക്കിയ ചെറിയ കൂടുകളിൽ തുംമ്പപ്പൂവും നെൽച്ചെടിയിൽ ചുറ്റിപ്പിടിച്ച കാക്കപ്പൂവു പറിച്ചെടുത്തതും (നെൽ വയലിന്റെ ഉടമ ചീത്ത പറയുംമ്പോൾ ഓടിപ്പോകുമായിരുന്നുതും വീണ്ടും പൂവു പറിക്കാൻ വരുന്നതും ഒരു രസമായിരുന്നു) മുറ്റത്തു വലിയ വലിയ പൂക്കളമുണ്ടാക്കി അതിന്റെ മനോഹാരിത ആസ്വദിക്കുമ്പോഴെയ്ക്കും ഓണവില്ലുമായി 'വേടൻ'തെയ്യം അതിൽക്കയറിയാടുമ്പോൾ മനസ്സിലേൽക്കുന്ന വേദനയും ദേഷ്യവും പരാതിയില്ലാതെ സ്വയം ഉള്ളിലൊതുക്കിയതും.....! ഇന്നു പൂവിനുവേണ്ടി അന്യദേശത്തെ ആശ്രയിക്കുന്ന കംമ്പ്യൂട്ടർ കളികളിലൂടെ ഹരമാർന്ന പുതുതലമുറയ്ക്കു ഇതു മായക്കഴ്ചകളും മുത്ത്ശ്ശിക്കഥകളുമാകുന്നു.

ഓണത്തിനെക്കാളും വിഷുവിനോടായിരുന്നു താത്പര്യം കൂടുതൽ. പടക്കം പൊട്ടിക്കലും വിഷുസദ്യയും. അഞ്ചുദിവസം നീണ്ടു നിൽക്കുന്ന മല്ലിയോട്ടുത്സവം തുടങ്ങുന്നതു അന്നുമുതലാണ്. ഒരാഴ്ച്ച മുൻപേ തന്നെ നാലുദിവസം ഉത്സവത്തിനൊടനുബന്ധിച്ചു രാത്രിയിൽ നടത്തുന്ന നാലൂരുകളിൽ നിന്നുമായി വരുന്ന അതിമനോഹരമായ കാഴ്ച്ചയും അതോടൊപ്പമുള്ള കരിമരുന്നു പ്രയോഗവും തികച്ചും നയന മനോഹരമായിരുന്നു. ഓരോ ദിവസവും നടക്കുന്ന നാടകങ്ങളുടെയും മറ്റും വിവരങ്ങളടങ്ങിയ നോട്ടിസുകൾ കൈക്കലാക്കാറുണ്ടായിരുന്നു. കേരളത്തിലെ പല പ്രധാന നാടക ഗ്രൂപ്പുകളും, പ്രധാന കാഥികരും മല്ലിയോട്ടെ സ്റ്റേജിൽ കയറിയിറങ്ങിയിരുന്നു. അഞ്ചുദിവസം തികച്ചും മനസികോല്ലാസം തരുന്ന പ്രധാന ഉത്സവം തന്നെയാണു മല്ലിയോട്ടു വിഷുവിളക്കുത്സവം അന്നും ഇന്നും. അതുപോലെത്തന്നെ പ്രത്യേകതയുള്ള ഉത്സവങ്ങളും തെയ്യങ്ങളും പൂരക്കളിയും കോൽക്കളിയും എല്ലാം നിറഞ്ഞുനിൽക്കുന്ന അംമ്പലങ്ങളും. അറകളും. തെക്കുംമ്പാടു അണീക്കര ക്ഷേത്രവും, ആലക്കോട്ടവും, മൂശാരിക്കൊവ്വൽ അറയും, മുച്ചിലോട്ടുകാവും, കടവാങ്കോട്ടുമാക്കം പള്ളിയറയും, തേണങ്കോട്ടു പോതിത്തറയും മറ്റു തറവാടുകളുടെ അറകളിലുള്ള തെയ്യങ്ങളും, വളരെ പഴമയേറിയ മടത്തുമ്പിടിയംമ്പലവും, കുറുവാട്ടംമ്പലവും, ശ്രീ തൃപ്പാണിക്കര ക്ഷേത്രവും , വലിയങ്ങാടി വലിയപള്ളിയും, എടാട്ടെ ക്രിസ്ത്യൻ പള്ളിയും വളരെ പ്രാധാന്യത്തോടെത്തന്നെ നിലകൊള്ളുന്നു.

ഞാൻ പയ്യന്നുർ കോളേജിൽ പഠിക്കുന്ന കാലം. പയ്യന്നുരിൽ നിന്നും ആദ്യമായി കണ്ടംകുളങ്ങരവഴി ചെംബല്ലിക്കുണ്ടുവരെ ഒരു വാൻ ഓടിത്തുടങ്ങി. കേവലം അഞ്ചു പൈസയ്ക്കു കണ്ടംകുളങ്ങരയിൽ നിന്നും എടാട്ടുവരെ യാത്ര ചെയ്യതിൽ ഇന്നു അത്ഭുതം തോന്നുന്നു. മൂന്നു പതീറ്റാണ്ടു പിന്നിടുമ്പോൾ കുഞ്ഞിമംഗലത്തുള്ളവർക്കു വീട്ടുമുറ്റത്തുകൂടിയെന്നപോലെ കേരളത്തിലെവിടെയ്ക്കും യാത്രചെയ്യാമെന്നതിൽ നമുക്കഭിമാനിക്കാം.

റെയിൽവെ സ്റ്റേഷനും, റെയിൽപ്പാതയും, നാഷനൽ ഹൈവെയും, സ്കൂളുകളും, കോളേജും, പുഴകളും, എല്ലാതരത്തിലുള്ള ആരാധനാലയങ്ങളും, കലകളുടെ തായ്‌വേരുകളും, മതമൈത്രി സൂക്ഷിക്കുന്ന ജനങ്ങളും, എല്ലാമടങ്ങിയ നമ്മുടെ ഈകൊച്ചു 'വലിയ' ഗ്രാമം കേരളത്തിലെ മാതൃകാഗ്രാമമെന്നു പറയുന്നതിൽ തെറ്റില്ലയെന്നു തോന്നുന്നു.

കുഞ്ഞിമംഗലത്തെ മൂശാരിക്കൊവലിൽ നിർമിക്കുന്ന വിവിധ ദൈവങ്ങളുടെ പഞ്ചലോഹ വിഗ്രഹങ്ങൾക്ക് പേരും പെരുമയുമുണ്ട്. ആലവട്ടത്തിനു ത്രിശ്ശൂരും, തൊട്ടടുത്ത പയ്യന്നുരിലെ പവിത്രവും. പോലെ വിഗ്രഹങ്ങൾക്കു കുഞ്ഞിമംഗലവും..! പ്രസിദ്ധിയാർജിച്ചതിൽ അന്നും ഇന്നും ഒരുപോലെ..

കേരളം ദൈവത്തിൻെറ സ്വന്തം നാട്, കുഞ്ഞിമംഗലം ദൈവത്തെ സൃഷ്ടിക്കുന്നു– ഇവിടെ ദൈവം പുനർജനിക്കുന്നു. ഇതു എൻെറ സ്വന്തം നാട്. ഇന്നു ഞാൻ പയ്യന്നൂരിലാണെങ്കിലും !!!

……………………………